**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2406** **12-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷൻ തുക പകുതിയിലേറെ വെട്ടിക്കുറക്കേണ്ട സാഹചര്യം എങ്ങനെ വന്നു എന്ന് വ്യക്തമാക്കാമോ; ഈ പ്രതിസന്ധി മറികടക്കുവാൻ എന്തെല്ലാം നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | കമ്മീഷൻ വെട്ടിക്കുറച്ചിട്ടില്ല. ഒക്ടോബർ മാസം വരെ വ്യാപാരികൾക്ക് ലഭിക്കേണ്ട കമ്മീഷൻ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന് 216 കോടിയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. എ.ആർ.ഡി ലൈസൻസികൾക്കുള്ള നോർമ കമ്മീഷൻ വിതരണത്തിന് ടി തുക പര്യാപ്തമാണ് എന്നാൽ കോവിഡ് കാലത്ത് NFSA കാർഡുടമകൾക്ക് (AAY, PHH) കേന്ദ്ര സർക്കാർ PMGKAY പദ്ധതിപ്രകാരം അധിക റേഷൻ വിഹിതം അനുവദിച്ചത് പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം ഈ സാമ്പത്തിക വർഷവും തുടർന്നു വരുന്നു. PMGKAY ഭക്ഷ്യധാന്യ വിതരണത്തിന്റെ കമ്മീഷൻ കൂടി നൽകുമ്പോൾ, റേഷൻ വ്യാപാരികൾക്ക് നോർമൽ കമ്മീഷന്റെ ഏകദേശം ഇരട്ടിയിലധികം തുക ഓരോ മാസവും നൽകേണ്ടതായി വരുന്നു. ആയത് അധികധനാനുമതിയായി ലഭ്യമാക്കി വ്യാപാരികൾക്ക് അനുവദിച്ചു വരുന്നു. |
| (ബി) | റേഷൻ വ്യാപാരികൾക്ക് ധന വകുപ്പിൽ നിന്നും അനുവദിച്ചു നൽകേണ്ട കമ്മീഷൻ തുക നൽകാതിരിക്കുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | ഇപോസ് മെഷീന്റെ തകരാർ വ്യാപാരികൾക്കും ജനങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ട് | (സി) | സംസ്ഥാനത്തെ ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിൽ ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | സൃഷ്ടിക്കുന്നതിനാൽ അത് ശാശ്വതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇടക്കിടെ ഇത്തരം തകരാറുകൾ സംഭവിക്കുന്നതിന്റെ കാരണം സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | | നെറ്റ്.വർക്ക് എറർ കാരണം റേഷൻവിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി ഹൈദരാബാദ് എൻ.ഐ.സിയുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ